**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1375** **10-10-2024 - ൽ മറുപടിയ്ക്ക്**

**വിവിധ പദ്ധതികളിലെ കേന്ദ്ര സർക്കാർ നിലപാട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ള കുടിശിക തുകയുടെ വിവരം ലഭ്യമാക്കാമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 2023 -24 അധ്യയന വർഷം വരെ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശികയായി ഒന്നും തന്നെ ലഭിക്കാനില്ല. നടപ്പ് വർഷം പദ്ധതി നടത്തിപ്പിനായി റിക്കറിംഗ് വിഭാഗത്തിൽ കേന്ദ്ര വിഹിതമായി 267.3027 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര വിഹിതത്തിലെ മുൻ വർഷത്തെ നീക്കിയിരുപ്പ് തുകയായ 34.3294 കോടി രൂപ കിഴിച്ച്, 232.9733 കോടി രൂപയാണ് ഈ വർഷം കേന്ദ്ര വിഹിതമായി സംസ്ഥാനത്തിനു ലഭിക്കുന്നത്. ഇതിൽ ആദ്യ ഗഡുവിന്റെ ആദ്യഭാഗമായി 48.4727 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. നടപ്പ് വർഷം കേന്ദ്ര വിഹിതമായി 184.5006 കോടി രൂപയാണ് ഇനി സംസ്ഥാനത്തിന് ലഭിക്കാനുള്ളത്. |
| (ബി) | എസ്.എസ്.കെ. പദ്ധതിയിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട എത്ര കോടി രൂപയാണ് കുടിശികയായിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | സമഗ്ര ശിക്ഷാ കേരളത്തിന് 2024 – 25 വർഷത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ആദ്യം അനുവദിച്ചുനൽകിയ ബഡ്ജറ്റ് ഔട്ട് ലേ ഔട്ടിലെ 64202.89 ലക്ഷം രൂപ എന്നത് മുൻവർഷത്തെ റീ ഇമ്പേഴ്സ് തുകയും കൂടി ഉൾപ്പെടുത്തി 79538.26 ലക്ഷം രൂപയായി ഉയർത്തിയിരുന്നു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിഹിതമായി അനുവദിക്കും എന്ന് അറിയിച്ച 32890.20 ലക്ഷം രൂപ എന്നത് 42091.42 ലക്ഷം രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2024 – 25 വർഷത്തിൽ കേന്ദ്ര വിഹിതമായി ഒരു രൂപപോലും റിലീസ് ചെ.യ്ത് ഉത്തരവായിട്ടില്ല. |
| (സി) | സംസ്ഥാനത്തെ സ്കൂളുകളുടെ പേരിനു മുന്നിൽ പി.എം. ശ്രീ എന്ന് ബ്രാൻഡ് ചെയ്യുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും സ്കൂളുകളെ അപ്രകാരം ബ്രാൻഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര | (സി) | സംസ്ഥാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ശ്രീ. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ധാരണാപത്രം ഇതുവരെ ഒപ്പിട്ടിട്ടില്ല. ധാരണാപത്രം ഒപ്പിടുന്നതനു- സരിച്ചാണ് മറ്റ് നിബന്ധനകൾ ബാധകമാകുക. |

| | | | |
|---|---|---|---|
| | സ്കൂളുകളെ ബ്രാൻഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ